# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ. എഡി.എ1-2-26/2018 തീയതി, 20.03.2018

## പരിപത്രം

വിഷയം:- സർവ്വകലാശാല ക്യാമ്പസിനകത്ത് വിവിധ ഡിപ്പാർട്ട്മെന്റുകൾ സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് മുൻകൂറായി സെക്യൂരിറ്റി ഓഫീസറെ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) സർവ്വകലാശാല പരിപത്രം നം. Ad.AI-2-25/2017 (Subfile) തീയതി 22.11.2017.
(2) 09.03.2018-ലെ സെക്യൂരിറ്റി ഓഫീസറുടെ സമർപ്പണം രജിസ്ട്രാറുടെ ഉത്തരവ് സഹിതം.

--------

മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിനകത്ത് സംഘടിപ്പിക്കുന്ന എല്ലാവിധ പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ മുൻകൂറായി സർവ്വകലാശാല സെക്യൂരിറ്റി ഓഫീസറെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റുകൾ തങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് സർവ്വകലാശാല സെക്യൂരിറ്റി ഓഫീസറെയോ സെക്യൂരിറ്റി വിഭാഗത്തിനെയോ മുൻകൂറായി അറിയിക്കുന്നില്ല എന്ന് സൂചന (2) പ്രകാരം സർവ്വകലാശാല സെക്യൂരിറ്റി ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്തരത്തിൽ പരിപാടികളെക്കുറിച്ച് ഡിപ്പാർട്ട്മെന്റുകൾ മുൻകൂറായി അറിയിപ്പ് നൽകാത്തതിനാൽ, പുറത്ത് നിന്നും പരിപാടിയിൽ പങ്കെടുക്കാൻ വരുന്നവരെ കൃത്യമായ സ്ഥലത്ത് എത്തിക്കുവാനും, സെക്യൂരിറ്റി ക്രമീകരണങ്ങൾ നടത്തുന്നതിനും കഴിയുന്നില്ല എന്ന് സർവ്വകലാശാല സെക്യൂരിറ്റി ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് സർവ്വകലാശാല ക്യാമ്പസിനകത്ത് ഡിപ്പാർട്ട്മെന്റുകൾ സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് മുൻകൂറായി സർവ്വകലാശാല സെക്യൂരിറ്റി ഓഫീസറെ അറിയിക്കേണ്ടതാണെന്ന് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എഡി.ഡി. സെക്ഷൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ